"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഉപജില്ലയിലെ അഴീക്കോട് നോർത്ത് യു.പി. സ്കൂളിലെ ഫുൾ ടൈം ഹിന്ദി അധ്യാപകനായ ശ്രീ. സുരേന്ദ്രനാഥ് പി.വി. ഫയൽ ചെയ്ത റിട്ട് ഹർജി നം.46742/2024 മേലുള്ള ബഹു. ഹൈക്കോടതിയുടെ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.5679/2025/GEDN തീയതി,തിരുവനന്തപുരം, 23-08-2025

---

പരാമർശം:-

1. കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഉപജില്ലയിലെ അഴീക്കോട് നോർത്ത് യു.പി. സ്കൂളിലെ ഫുൾ ടൈം ഹിന്ദി അധ്യാപകനായ ശ്രീ. സുരേന്ദ്രനാഥ് പി. വി. ഫയൽ ചെയ്ത റിട്ട് ഹർജി നം.46742/2024 മേലുള്ള 04/03/2025 തീയതിയിലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം.
2. പാപ്പിനിശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 12.06.2025-ലെ AEOPPS/74/2025-D നമ്പർ കത്ത്.
3. കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 15.06.2025-ലെ DEOKNR/1136/2024-B6 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഡി.ജിഇ/7951/2025/ജി 4 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഉപജില്ലയിലെ അഴീക്കോട് നോർത്ത് യു.പി. സ്കൂളിലെ ഫുൾടൈം ഹിന്ദി അധ്യാപകനായ ശ്രീ. സുരേന്ദ്രനാഥ് പി.വി. ഫയൽ ചെയ്ത റിട്ട് ഹർജി നം.46742/2024 മേലുള്ള 04/03/2025 തീയതിയിലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിൽ ഹർജിക്കാരൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുൻപാകെ സമർപ്പിച്ചിരിക്കുന്ന Ext. P11 റിവിഷൻ ഹർജി പൊതുവിദ്യാഭ്യാസ ഡയറക്ടർ രണ്ടാഴ്ചക്കകം സർക്കാരിലേക്ക് കൈമാറണമെന്നും, സർക്കാർ പ്രസ്തുത റിവിഷൻ ഹർജി പരിഗണിച്ച് ഹർജിക്കാരനേയും, 6-ാം എതിർ കക്ഷിയേയും നേരിൽ കേട്ട് 4 മാസത്തിനകം തീർപ്പാക്കണമെന്നും കോടതി ഉത്തരവിട്ടിട്ടുണ്ട്. Ext. P11 റിവിഷൻ ഹർജി പരിഗണിക്കുന്ന വേളയിൽ സർക്കാർ ബഹു ഹൈക്കോടതി ഫുൾ ബെഞ്ചിന്റെ Ext. P12 വിധിന്യായം കൂടി പരിഗണിക്കണമെന്നും ബഹു. കോടതി ഉത്തരവിട്ടിട്ടുണ്ട്. സർക്കാർ Ext.P11 റിവിഷൻ

ഹർജിയിന്മേൽ തീരുമാനമെടുക്കുന്നത് വരെ 03/01/2025 തീയതിയിലെ ഇടക്കാല ഉത്തരവിന്റെ ആനുകൂല്യം ഹർജിക്കാരന് ബഹു. ഹൈക്കോടതി ഉറപ്പു വരുത്തിയിട്ടുണ്ട്. ബഹു .ഹൈക്കോടതി വിധി പാലിക്കുന്നതിന്റെ ഭാഗമായി ഹർജിക്കാരനേയും, 6-ാം എതിർ കക്ഷിയേയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും 17.06.2025-ൽ ഗൂഗിൽ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2) നേരിൽ കേട്ട വേളയിൽ ഹർജിക്കാരൻ ചുവടെ ചേർക്കും പ്രകാരം വാദിച്ചു.

ശ്രീ കുഞ്ഞികൃഷ്ണണൻ എം. വളണ്ടറി റിട്ടയർമെന്റ് ചെയ്ത ഒഴിവിൽ സ്ഥിരം തസ്തികയിൽ 03/01/2003-ന് ഫുൾ-ടൈം ഹിന്ദി അധ്യാപകനായി ശ്രീ. സുരേന്ദ്രനാഥ് പി. വി. നിയമിതനായി. ടി സ്കൂളിൽ ഡിവിഷൻ നഷ്ടപ്പെട്ടതിനാൽ 15/07/2014-ന് ഹിന്ദി പാർട്ട്-ടൈം തസ്തികയായി മാറുകയെങ്കിലും ശ്രീ.സുരേന്ദ്രനാഥ് പി.വി. ടി സ്കൂളിൽ തന്നെ ഫുൾടൈം ആയി പ്രവർത്തിക്കുകയും ചെയ്തു. സംരക്ഷിത അധ്യാപകനായ ശ്രീ സുരേന്ദ്രനാഥിനെ വർക്ക് അറേഞ്ച്മെന്റിൽ മറ്റ് സ്കൂളിലേക്ക് മാറ്റാതിരിക്കുകയും അതേ സ്ക്കുളിൽ തന്നെ തുടരുകയും ചെയ്തു. 2020-21 വർഷം മുതൽ V-VI-VII ക്ലാസുകളിൽ ഡിവിഷന് ആവശ്യമായ കുട്ടികൾ ഉണ്ട്. എന്നാൽ തസ്തിക അനുവദിച്ചിട്ടില്ല. 19/08/2023 തീയതിയിലെ ഉ. നം. ദീ.തീ. D/56440/2023 തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം 2023-24 ൽ ഹിന്ദിയ്ക്ക് ഫുൾ-ടൈം തസ്തിക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2020 വരെയുള്ള ശ്രീ സുരേന്ദ്രനാഥ് പി.വി. യുടെ സീനിയോറിറ്റി ശ്രീമതി വൃന്ദ പി. വി. അംഗീകരിച്ചിട്ടുണ്ട്. റൂൾ 51 (A) അവകാശിയായ അവരുടെ യു.പി.എസ്.ടി തസ്തികയിലുള്ള തുടർച്ചയായ സേവനം ആരംഭിക്കുന്നത് 01/06/2010 ൽ ആണ്. ശ്രീ. സുരേന്ദ്രനാഥ് പി. വി. യുടെ തുടർച്ചയായ സേവനം ആരംഭിക്കുന്നത് 03/01/2003 ന് ആണ്. 03/01/2003 ൽ സർവ്വീസിൽ പ്രവേശിച്ച ശ്രീ പി. വി. സുരേന്ദ്രനാഥിന് 14/07/2014 ന് ഫുൾ-ടൈം തസ്തിക നഷ്ടപ്പെട്ടു എന്ന് അംഗീകരിച്ചാൽ തന്നെ 2020-21 വർഷം മുതൽ ഫുൾ-ടൈം ഹിന്ദി തസ്തികയ്ക്ക് ആവശ്യമായ ഡിവിഷന് വേണ്ടുന്ന എണ്ണം കുട്ടികൾ യു.പി ക്ലാസിൽ ഉണ്ടായിട്ടുണ്ട്. അത് പരിഗണിച്ചാൽ തന്നെ പാർട്ട്-ടൈം തസ്തിക കാലം ഒഴിവാക്കിയാലും ശ്രീ സുരേന്ദ്രനാഥ് പി.വി. യുടെ ഫുൾ-ടൈം സർവ്വീസ് കാലം 13 വർഷവും 4 മാസവുമാകും. ശ്രീമതി വൃന്ദ പി.വി. യുടെ തുടർച്ചയായ സേവനം 01/06/2023 വരെ 13 വർഷം മാത്രമാണ്. ശ്രീ. സുരേന്ദ്രനാഥ് പി. വി. ഡിപ്പാർട്ട്മെന്റ് ടെസ്റ്റും പാസ്സായിട്ടുണ്ട്. ടി സാഹചര്യത്തിൽ ശ്രീ. സുരേന്ദ്രനാഥ് പി.വി.യെ പ്രധാനാധ്യാപകനായി അംഗീകരിച്ച് ഉത്തരവാകണമെന്ന് ബോധിപ്പിക്കുന്നു.

3) നേരിൽ കേട്ട വേളയിൽ ആറാം എതിർ കക്ഷിയായ ശ്രീമതി. വൃന്ദ പി. വി. ചുവടെ ചേർക്കും പ്രകാരം വാദിച്ചു.

പാപ്പിനിശ്ശേരി ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ അധികാര പരിധിയിൽ പ്രവർത്തിക്കുന്ന ഒരു എയ്ഡഡ് സ്ക്കുളാണ് അഴീക്കോട് നോർത്ത് യു. പി. സ്കൂൾ. പ്രസ്തുത സ്കൂളിൽ എൽ.പി.എസ്.എ. കാറ്റഗറിയിൽ ആവിർഭവിച്ച സ്ഥിരം ഒഴിവിൽ 02/06/2003 മുതൽ ശ്രീമതി. വൃന്ദ പി. വി. യെ നിയമിക്കുകയും, നിയമനം ഉപജില്ല വിദ്യാഭ്യാസ ഓഫീസർ

അംഗീകരിക്കുകയും ചെയ്തു. അപ്രകാരം തുടരവേ തസ്തികയുടെ എണ്ണത്തിലുണ്ടായ കുറവിനെ തുടർന്ന് കെ.ഇ.ആർ. അധ്യായം XIV A ചട്ടം 52 പ്രകാരം 15/07/2009 മുതൽ ശ്രീമതി. വൃന്ദ പി. വി. യെ സർവീസിൽ നിന്നും വിടുതൽ ചെയ്യുകയും, പിന്നീട് അതേ സ്കൂളിൽ യു.പി.എസ്.എ. കേറ്റഗറിയിൽ ആവിർഭവിച്ച സ്ഥിരം ഒഴിവിൽ കെ.ഇ.ആർ. അധ്യായം XIV A ചട്ടം 51 A പ്രകാരം 01/06/2010 മുതൽ ശ്രീമതി.വൃന്ദ പി. വി.ക്ക് പുനർ:നിയമനം ലഭിക്കുകയും ശ്രീമതി.വൃന്ദ പി. വി. അപ്രകാരം സ്കൂളിൽ തുടരുകയുമാണ്. 15/07/2009 മുതൽ 31/05/2010 വരെ സർവീസിൽ നിന്നും പുറത്ത് നിൽക്കേണ്ടി വന്നതിനെ തുടർന്ന് സംഭവിച്ച സേവന ഭംഗം 05/06/2024 തീയതിയിലെ സ.ഉ.(സാധാ)നം.3623/2024/പൊ.വി.വ. പ്രകാരം നോൺ-ഡ്യൂട്ടി ആയി ക്രമവൽക്കരിച്ചിട്ടുമുണ്ട്. ആയതിനാൽ, 02/06/2003 മുതലുള്ള ശ്രീമതി. വൃന്ദ പി. വി. യുടെ സർവീസ് സീനിയോറിട്ടിക്ക് കണക്കിലെടുക്കാവുന്നതാണ്. അപ്രകാരം 01/01/2023 സീനിയോറിട്ടി ലിസ്റ്റിൽ ശ്രീമതി.വൃന്ദ പി. വി.ക്ക് രണ്ടാം സ്ഥാനം അനുവദിച്ച നടപടി നിയമാനുസൃതമാണ്. ഹർജിക്കാരനായ ശ്രീ പി.വി. സുരേന്ദ്രനാഥിനെ അഴീക്കോട് നോർത്ത് യു.പി. സ്കൂളിൽ ഫുൾ ടൈം ലോവർ ഗ്രേഡ് ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തികയിൽ 03/01/2003 മുതൽ നിയമിക്കുകയും, നിയമനം ഉപജില്ല വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കുകയും ചെയ്തു. ഹിന്ദി ഭാഷ പഠിപ്പിക്കുവാൻ 15 പീരീഡുകൾ ലഭ്യമല്ലാത്തതിനാൽ, 15/07/2014 മുതൽ ഫുൾ ടൈം ലോവർ ഗ്രേഡ് ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തിക റദ്ദാക്കുകയും, പകരം പാർട്ട്ടൈം ലോവർ ഗ്രേഡ് ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്ത്ിക അനുവദിക്കുകയും ചെയ്തു. ശ്രീ പി.വി. സുരേന്ദ്രനാഥിന് സ്കൂളിൽ തുടരാൻ 15/07/2014 മുതൽ ഫുൾ ടൈം തസ്തിക ലഭ്യമല്ലാതായതിനെ തുടർന്ന് ടിയാളെ പാർട്ട് ടൈം ലോവർ ഗ്രേഡ് ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തികയിൽ തുടരാൻ അനുവദിക്കുകയും അപ്രകാരം ടിയാൾ 15/07/2014 മുതൽ പാർട്ട്ടൈം തസ്തികയിൽ തുടരുകയുമായിരുന്നു. പാർട്ട് ടൈം തസ്തികയിൽ തുടരുന്ന അധ്യാപകർക്ക് സീനിയോറിട്ടി ലിസ്റ്റിൽ ഉൾപ്പെടാൻ അർഹത ഇല്ലെന്ന് കെ.ഇ.ആർ. അധ്യായം XIV A ചട്ടം 34 അനുശാസിക്കുന്നു. ആയതിനാൽ, ശ്രീ പി.വി. സുരേന്ദ്രനാഥിനെ ഒഴിവാക്കി 01/01/2023 ൽ സീനിയോറിട്ടി ലിസ്റ്റ് തയ്യാറാക്കിയതും, ആയത് ഉപജില്ല വിദ്യാഭ്യാസ ഓഫീസറും, ജില്ല വിദ്യാഭ്യാസ ഓഫീസറും അംഗീകരിച്ച നടപടിയും നിയമാനുസൃതമാണ്. തസ്ത്ിക നഷ്ടപ്പെട്ടതിനെ തുടർന്ന് ശ്രീ പി.വി. സുരേന്ദ്രനാഥിന് ഫുൾ ടൈം ലോവർ ഗ്രേഡ് ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തികയിൽ 15/07/2014 മുതൽ സംരക്ഷണാനുകൂല്യം ലഭിച്ചിട്ടുണ്ടെന്നും, അപ്രകാരം സംരക്ഷണ അധ്യാപകൻ എന്ന നിലയിലാണ് പാർട്ട് ടൈം തസ്തികയിൽ തുടരുന്നതെന്നും, അല്ലാതെ 02/05/1973 തീയതിയിലെ G.O.(P)No.62/73/S.Edn. നമ്പർ ഉത്തരവ് പ്രകാരമുള്ള ഫുൾ ടൈം ആനുകൂല്യത്തോടുകൂടിയല്ല പാർട്ട്ടൈം തസ്തികയിൽ താൻ തുടരുന്നതെന്നും ആയതിനാൽ 01/01/2023 ന്റെ സീനിയോറിട്ടി ലിസ്റ്റിൽ ഉൾപ്പെടാൻ തനിക്ക് അർഹതയുണ്ടെന്നുമാണ് പി. വി. സുരേന്ദ്രനാഥിന്റെ റിവിഷൻ ഹർജിയിലെ അവകാശവാദം. എന്നാൽ ശ്രീ. പി. വി. സുരേന്ദ്രനാഥിന്റെ അവകാശവാദം താഴെ വിവരിക്കുന്ന കാരണങ്ങളാൽ നിലനിൽക്കുന്നതല്ല.

(i) സംരക്ഷിത അധ്യാപകന് മാതൃ വിദ്യാലയത്തിൽ active staff status ഇല്ലാത്തതിനാൽ സീനിയോറിട്ടി ലിസ്റ്റിൽ ഉൾപ്പെടാൻ അർഹതയില്ല.

സംരക്ഷിത അധ്യാപകൻ എന്നാൽ, കെ.ഇ.ആർ. അധ്യായം XIV A ചട്ടം 52 പ്രകാരം സർവീസിൽ നിന്നും റീട്രഞ്ച് ചെയ്യപ്പെടുകയും, തുടർന്ന് ഗവണ്മെന്റ് ഉത്തരവ് പ്രകാരം സംരക്ഷണാനുകൂല്യം ലഭിക്കുകയും ചെയ്ത അധ്യാപകൻ എന്നാകുന്നു. ഒരു സംരക്ഷിത അധ്യാപകന് മാതൃ വിദ്യാലയത്തിൽ active staff status ഇല്ല. മാതൃ വിദ്യാലയത്തിൽ ആക്ടീവ് സ്റ്റാഫ് സ്റ്റാറ്റസ് ഉള്ള അധ്യാപകന് മാത്രമേ ഹെഡ് മാസ്റ്റർ തസ്തികയിലേക്കോ, മറ്റ് ഉയർന്ന തസ്തികയിലേക്കോ സ്ഥാനക്കയറ്റത്തിന് അർഹതയുള്ളു. അപ്രകാരം സംരക്ഷിത അധ്യാപകന് സീനിയോറിട്ടി ലിസ്റ്റിൽ ഉൾപ്പെടാനും അർഹതയില്ല. ഹർജിക്കാരനായ ശ്രീ. പി. വി. സുരേന്ദ്രനാഥ് കെ.ഇ.ആർ. അധ്യായം XIV A ചട്ടം 52 പ്രകാരം 15/07/2014 മുതൽ റീട്രഞ്ച് ചെയ്യപ്പെടുകയും, തുടർന്ന് സർക്കാർ ഉത്തരവ് അനുസരിച്ച് 15/07/2014 മുതൽ സംരക്ഷണാനുകൂല്യം ലഭിക്കുകയും, 01/01/2023 ന് അപ്രകാരം തുടരുകയും ചെയ്തു കൊണ്ടിരുന്ന സംരക്ഷിത അധ്യാപകനാണ്. ആയതിനാൽ, ഹർജിക്കാരനു മാതൃ വിദ്യാലയത്തിൽ active staff status ഇല്ല. അപ്രകാരം ഹർജിക്കാരന് ഹെഡ് മാസ്റ്റർ തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിനും അർഹതയില്ല. അതുകൊണ്ട് തന്നെ ടിയാൾക്ക് 01/01/2023 തീയതിയിലെ സീനിയോറിട്ടി ലിസ്റ്റിൽ ഉൾപ്പെടാനും അർഹതയില്ല.

(ii) കെ.ഇ.ആർ. അധ്യായം XIV A ചട്ടം 34 (b) പ്രകാരം പാർട്ട് തസ്തികയിൽ തുടരുന്ന അധ്യാപകർക്ക് സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടാൻ അർഹതയില്ല.

07/03/2011 തീയതിയിലെ G.O.(P)No.85/2011/G.Edn നമ്പർ വിജ്ഞാപനം പ്രകാരം ഭേദഗതി ചെയ്യപ്പെട്ട കെ.ഇ.ആർ. അധ്യായം XIV A ചട്ടം 34 (b) പ്രകാരം യു.പി. സ്കൂളിന്റേയും, എൽ.പി. സ്കൂളിന്റേയും കാര്യത്തിൽ കെ.ഇ.ആർ. അധ്യായം XXXI, ചട്ടം 3 ലും, ചട്ടം 4 ലും വിശദീകരിക്കപ്പെട്ട തസ്തികകളിൽ തുടരുന്ന അധ്യാപകരെയാണ് ഹെഡ് മാസ്റ്റർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിനു വേണ്ടി തയ്യാറാക്കുന്ന സീനിയോറിട്ടി ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടത്. കെ.ഇ.ആർ അധ്യായം XXXI ചട്ടം 3 ലും ചട്ടം 4 ലും ഉൾപ്പെട്ട തസ്തികകൾ താഴെ വിവരിക്കുന്നു.

Upper Primary School Assistant
Lower Primary School Assistant
Language Teacher
Specialist Teachers

മുകളിൽ വിവരിച്ച തസ്തികകളിൽ പാർട്ട് ടൈം തസ്തിക ഉൾപ്പെടുന്നില്ല. മാത്രമല്ല, ഹെഡ് മാസ്റ്റർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിക്കുക എന്ന ഉദ്ദേശം സഫലീകരിക്കുന്നതിനു വേണ്ടിയാണു സീനിയോറിട്ടി ലിസ്റ്റ് തയ്യാറാക്കുന്നതെന്ന് ഭേദഗതി ചെയ്യപ്പെട്ട കെ.ഇ.ആർ. അധ്യായം XIV A ചട്ടം 34 (b) യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പാർട്ട്ടൈം തസ്തികയിൽ തുടരുന്ന അധ്യാപകർക്ക് ഹെഡ്മാസ്റ്റർ തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് അർഹത ഇല്ല. ആയതിനാൽ, ചട്ടം 34 (b) പ്രകാരം തയ്യാറാക്കുന്ന സീനിയോറിട്ടി ലിസ്റ്റിൽ ഉൾപ്പെടാൻ അത്തരം അധ്യാപകർക്ക് അർഹതയില്ല. ശ്രീ പി. വി.

സുരേന്ദ്രനാഥ് 01/01/2023 ന് പാർട്ട് ടൈം തസ്തികയിൽ ജോലി ചെയ്യുന്ന അധ്യാപകനാണ്. ആയതിനാൽ, 01/01/2023 തീയതിയിലെ സീനിയോറിട്ടി ലിസ്റ്റിൽ ഉൾപ്പെടാൻ ടിയാൾക്ക് അർഹതയില്ല.

(iii) കെ.ഇ.ആർ. അധ്യായം XIV A ചട്ടം 51 A പ്രകാരം മാതൃ വിദ്യാലയത്തിൽ പുനർനിയമനം ലഭിച്ചാൽ മാത്രമേ സീനിയോറിട്ടി ലിസ്റ്റിൽ ഉൾപ്പെടാൻ അർഹതയുള്ളൂ.

സംരക്ഷണാനുകൂല്യത്തോടെ പാർട്ട്ടൈം തസ്തികയിൽ തുടരുന്ന ഹർജിക്കാരന് കെ.ഇ.ആർ. അധ്യായം XIV A ചട്ടം 51 A പ്രകാരം ഫുൾ ടൈം തസ്തികയിൽ മാതൃ വിദ്യാലയത്തിൽ പുനർ:നിയമനം ലഭിച്ചാൽ മാത്രമേ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടാൻ അർഹതയുള്ളൂ. അപ്രകാരം പുനർ:നിയമനം ലഭിക്കുന്ന സംഗതിയിൽ കെ.ഇ.ആർ. അധ്യായം XIV A ചട്ടം 37 ന്റെ പ്രൊവൈസോ അനുസരിച്ച് മാതൃ വിദ്യാലയത്തിലെ മുൻകാല സർവീസ് സീനിയോരിറ്റിക്ക് കണക്കിലെടുക്കാവുന്നതാണ്. എന്നാൽ, ശ്രീ. പി. വി. സുരേന്ദ്രനാഥിന് അപ്രകാരം പുനർ:നിയമനം ലഭിച്ചിട്ടില്ല. ശ്രീ. പി. വി. സുരേന്ദ്രനാഥ് 01/01/2023 സംരക്ഷണാനുകൂല്യത്തോടെ പാർട്ട്ടൈം തസ്തികയിൽ തുടരുകയാണ്. ആയതിനാൽ, ടിയാൾക്ക് 01/01/2023 ലെ സീനിയോറിട്ടി ലിസ്റ്റിൽ ഉൾപ്പെടാനോ, കെ.ഇ.ആർ. അധ്യായം XIV A ചട്ടം 37 ന്റെ പ്രൊവൈസോ അനുസരിച്ച് 03/01/2003 മുതൽ 14/07/2014 വരെയുള്ള ഫുൾ ടൈം സർവീസ് സീനിയോരിറ്റിക്ക് കണക്കിലെടുക്കുവാനോ അർഹതയില്ല.

(iv) WP(C)No.18494 & 18042/2009 നമ്പർ വ്യവഹാരത്തിൽ, കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ച് 20/01/2021 ന് പുറപ്പെടുവിച്ച വിധിന്യായപ്രകാരം പാർട്ട്ടൈം സർവീസും, ഫുൾടൈം ആനുകൂല്യത്തോടുകൂടിയുള്ള പാർട്ട്ടൈം സർവീസും സീനിയോറിട്ടിക്ക് കണക്കിലെടുക്കാൻ പാടില്ല.

(a) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ operating part താഴെ ഉദ്ധരിക്കുന്നു.

"We also hold that Ext.P13 Government Order (GO(Ms)No. 62/73/S.Edn dated 02/05/1973) is not issued in exercise of power in terms of Rule 3 of Chapter I Kerala Education Rules or in derogation of or overriding any statutory provision. We, therefore, hold that Ext.P13 cannot run counter to express statutory provision and therefore, the teachers who got Full Time benefit by virtue of clause (vi) of Ext.P13 Government Order, are not entitled to count the service rendered as a Part Time Teacher with Full Time benefits towards seniority or as qualifying service for being considered for promotion as headmaster/headmistress. We answer the reference accordingly. In the light of our findings, as above, nothing surviving to be adjudicated in these writ petitions and accordingly we dismiss the writ petitions"

02/05/1973 തീയതിയിലെ GO (P) 62/73/S.Edn. നമ്പർ ഉത്തരവ് പ്രകാരം ഫുൾടൈം ആനുകൂല്യത്തോടെയുള്ള പാർട്ട് തസ്തികയിലെ സർവീസും സീനിയോരിറ്റിക്ക് കണക്കിലെടുക്കാൻ പാടില്ലെന്ന് മുകളിൽ വിവരിച്ച വിധിന്യായത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടയുടെ ഡിവിഷൻ വ്യക്തമാക്കിയിരിക്കുന്നു. ആയതിനാൽ, 02/05/1973 തീയതിയിലെ G.O.(P)No.62/73/S.Edn. ഉത്തരവ് പ്രകാരമുള്ള ഫുൾടൈം ആനുകൂല്യത്തോടെയാണു പാർട്ട്ടൈം തസ്തികയിൽ തുടരുന്നത് എങ്കിൽ പോലും മുകളിൽ വിവരിച്ച വിധിന്യായപ്രകാരം 15/07/2014 മുതലുള്ള ശ്രീ പി.വി.സുരേന്ദ്രനാഥിന്റെ പാർട്ട്ടൈം തസ്തികയിലെ സർവീസ് സീനിയോറിട്ടിക്ക് കണക്കിലെടുക്കുകയില്ല. അപ്രകാരം ഹർജിക്കാരനു 11 വർഷം 01 മാസം 12 ദിവസത്തെ സർവീസ് ദൈർഘ്യം മാത്രമേ ഉള്ളൂ. ശ്രീമതി.വൃന്ദ പി. വി.ക്ക് 19 വർഷം 07 മാസത്തെ ഫുൾടൈം സർവീസ് ഉണ്ട്. ആയതിനാൽ, ശ്രീമതി.വൃന്ദ പി. വി.ക്ക് മുകളിൽ സീനിയോറിട്ടിക്കോ, 15 വർഷത്തെ ഫുൾടൈം സർവീസ് ഇല്ലാത്തതിനാൽ 01/06/2023 മുതൽ ആവിർഭവിച്ച ഹെഡ് മാസ്റ്റർ തസ്തികയിലെ ഒഴിവിൽ സ്ഥാന ക്കയറ്റത്തിനോ ശ്രീ പി. വി. സുരേന്ദ്രനാഥിനു അർഹതയില്ല.

(b) മാത്രമല്ല കെ.ഇ.ആർ. അധ്യായം XIV A ചട്ടം 51 A പ്രകാരം ശ്രീ പി. വി. സുരേന്ദ്രനാഥിനു മാതൃവിദ്യാലയത്തിൽ ഫുൾടൈം തസ്തികയിൽ പുനർ നിയമനം ലഭിക്കുന്ന സംഗതിയിൽ മാത്രം ടിയാളെ സീനിയോറിട്ടി ലിസ്റ്റിൽ ഉൾപ്പെടുത്താവുന്നതും ചട്ടം 37 ന്റെ പ്രൊവൈസോ അനുസരിച്ച് ഫുൾടൈം തസ്തികയിലെ 03/01/2003 മുതൽ 14/07/2014 വരേയുള്ള സർവീസ് സീനിയോറിട്ടിക്ക് കണക്കിലെടുക്കാവുന്നതുമാണ്. എന്നാൽ, 15/07/2023 മുതൽ ഫുൾടൈം ലോവർ ഗ്രേഡ് ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തിക സ്കൂളിൽ ലഭ്യമായിട്ടും ശ്രീ പി. വി. സുരേന്ദ്രനാഥിന് അനുവദിച്ച സംരക്ഷണാനുകൂല്യം റദ്ദാക്കി ടിയാൾക്ക് ഇതുവരെ കെ.ഇ.ആർ. അധ്യായം XIV A ചട്ടം 51 A പ്രകാരം മാതൃ വിദ്യാലയത്തിൽ ഫുൾടൈം തസ്തികയിൽ പുനർ:നിയമനം നൽകിയിട്ടില്ല. 15/07/2023 മുതൽ ഫുൾടൈം തസ്തികയിൽ പുനർനിയമനം നൽകിയാലും ഇല്ലെങ്കിലും 01/01/2023 ന്റെ സീനിയോറിട്ടി ലിസ്റ്റിൽ ഉൾപ്പെടാനോ 15/07/2014 മുതലുള്ള പാർട്ട്ടൈം തസ്തികയിലെ സർവീസ് സീനിയോറിട്ടിക്ക് കണക്കിലെടുക്കുവാനോ ടിയാൾക്ക് അർഹതയില്ല. ഇതിനു മുമ്പ് തയ്യാറാക്കിയ എല്ലാ സീനിയോറിട്ടി ലിസ്റ്റുകളിലും ശ്രീമതി. വൃന്ദ പി.വി. യേക്കാൾ സീനിയർ ആയിട്ടാണു ശ്രീ.പി.വി. സുരേന്ദ്രനാഥിന് സ്ഥാനം അനുവദിച്ചതെന്നും, ആയതിനെതിരെ തടസ്സവാദം ഉന്നയിക്കാത്തതിനാൽ ഹർജിക്കാരനാണു സീനിയർ എന്ന കാര്യം ശ്രീമതി. വൃന്ദ പി.വി. അംഗീകരിച്ചതാണെന്നതുമാണ് ശ്രീ.സുരേന്ദ്രനാഥിന്റെ രണ്ടാമത്തെ അവകാശവാദം. ശ്രീ പി.വി. സുരേന്ദ്രനാഥിന്റെ അവകാശവാദം താഴെ വിവരിക്കുന്ന കാരണങ്ങളാൽ നിലനിൽക്കുന്നതല്ല.

(i) ഒരു സീനിയോറിട്ടി ലിസ്റ്റിൽ ഒരിക്കൽ നിശ്ചയിച്ച റാങ്ക് അന്തിമമായി അംഗീകരിക്കുന്ന സംഗതിയിൽ പിന്നീടുള്ള സീനിയോറിട്ടി ലിസ്റ്റിൽ ഇതിനകം അംഗീകരിക്കപ്പെട്ട റാങ്കിൽ മാറ്റം വരുത്തുവാൻ പാടില്ല എന്നു മാത്രമാണു വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ, 01/01/2016 മുതലുള്ള സീനിയോറിട്ടി ലിസ്റ്റുകളിൽ ഉൾപ്പെടാൻ പോലും പാർട്ട്ടൈം

തസ്തികയിൽ തുടരുകയായിരുന്ന ശ്രീ പി.വി. സുരേന്ദ്രനാഥിനു അർഹത ഉണ്ടായിരുന്നില്ല. ശ്രീ.പി.വി. സുരേന്ദ്രനാഥിനെ സീനിയോറിട്ടി ലിസ്റ്റിൽ ഉൾപ്പെടുത്തിയത് ചട്ടവിരുദ്ധമായാണ്. നിയമവിരുദ്ധമായി ഇതിനു മുമ്പ് സീനിയോറിട്ടി ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നു എന്ന ഒരേ ഒരു കാരണത്താൽ തുടർന്നുള്ള സീനിയോറിട്ടി ലിസ്റ്റികളിലും നിയമവിരുദ്ധമായി തന്നെ ഉൾപ്പെടുത്തണമെന്ന ഹർജിക്കാരന്റെ അവകാശവാദം നിലനിൽക്കുന്നതല്ല.

(ii) ശ്രീമതി. വൃന്ദ പി.വി. യുടെ തുടർച്ചയായ സർവീസ് ആരംഭിക്കുന്നത് 01/06/2010 മുതൽ മാത്രമാണെന്ന ഹർജിക്കാരന്റെ കണ്ടെത്തൽ വസ്തുതാ വിരുദ്ധമാണ്. 02/06/2003 മുതൽ എൽ.പി.എസ്.എ. തസ്തികയിൽ സ്ഥിരം നിയമനം ലഭിച്ചു. തസ്തികയുടെ എണ്ണത്തിലുണ്ടായ കുറവിനെ തുടർന്ന് കെ.ഇ.ആർ. അധ്യായം XIV A ചട്ടം 52 പ്രകാരം 15/07/2009 മുതൽ സർവീസിൽ നിന്നും ശ്രീമതി. വൃന്ദ പി. വി. യെ റീട്രഞ്ച് ചെയ്തു. പിന്നീട് ചട്ടം 51 A പ്രകാരം 01/06/2010 മുതൽ യു.പി.എസ്.എ. തസ്തികയിൽ പുനർ നിയമനം ലഭിക്കുകയും അപ്രകാരം തുടരുകയുമാണ്. തസ്തിക നഷ്ടപ്പെട്ടതിനെ തുടർന്ന് ചട്ടം 52 പ്രകാരം പുറത്തു പോകേണ്ടി വരുന്ന അധ്യാപകന് പുനർനിയമനം ലഭിക്കുന്ന സംഗതിയിൽ പ്രസ്തുത അധ്യാപകന്റെ മാതൃ വിദ്യാലയത്തിലെ, അല്ലെങ്കിൽ മറ്റ് വിദ്യാലയത്തിലെ മുൻകാല സർവീസ് സീനിയോറിറ്റിക്ക് കണക്കിലെടുക്കാവുന്നതാണെന്ന് 23/07/2010 തീയതിയിലെ G.O.(P)No.39/2010/G.Edn. നമ്പർ വിജ്ഞാപനം പ്രകാരം കൂട്ടിച്ചേർത്ത കെ.ഇ.ആർ. അധ്യായം XIV A ചട്ടം 37 ന്റെ പ്രൊവൈസൊ അനുശാസിക്കുന്നു. അപ്രകാരം 02/06/2003 മുതൽ 14/07/2009 വരേയുള്ള സർവീസ് സീനിയോറിറ്റിക്ക് കണക്കിലെടുക്കാവുന്നതാണ്. മാത്രമല്ല, 15/07/2009 മുതൽ 31/05/2010 വരെ സർവീസിൽ നിന്നും പുറത്ത് നിൽക്കേണ്ടി വന്നതിനെ തുടർന്ന് സംഭവിച്ച സേവന ഭംഗം 05/06/2024 ലെ സ.ഉ.(സാധാ) 3623/2024/GED നമ്പർ ഉത്തരവ് പ്രകാരം നോൺ-ഡ്യൂട്ടി ആയി ക്രമവൽക്കരിച്ചിട്ടുമുണ്ട്. ആയതിനാൽ, 02/06/2003 മുതലുള്ള ശ്രീമതി. വൃന്ദ പി.വി. യുടെ സർവീസ് സീനിയോരിറ്റിക്ക് കണക്കിലെടുക്കാവുന്നതാണ്.

ഒരു സംരക്ഷിത അധ്യാപകൻ എന്ന നിലയിലോ, പാർട്ട്ടൈം തസ്തികയിൽ തുടരുന്ന ഒരു അധ്യാപകൻ എന്ന നിലയിലോ, ഫുൾടൈം ആനുകൂല്യത്തോടെ പാർട്ട്ടൈം തസ്തികയിൽ തുടരുന്ന അധ്യാപകൻ എന്ന നിലയിലോ ശ്രീ.പി.വി. സുരേന്ദ്രനാഥിന് അഴീക്കോട് നോർത്ത് യു.പി. സ്കൂളിലെ അധ്യാപകരുടെ 01/01/2023 ന്റെ സീനിയോറിട്ടി ലിസ്റ്റിൽ ഉൾപ്പെടാൻ അർഹതയില്ല.

4) നേരിൽ കേട്ട വേളയിൽ മാനേജർ ചുവടെ ചേർക്കും പ്രകാരം വാദിച്ചു.

ശ്രീ കുഞ്ഞികൃഷ്ണൻ എം വളണ്ടിയർ റിട്ടയർമെന്റ് ചെയ്ത ഒഴിവിൽ സ്ഥിരം തസ്തികയിൽ 03.01.2003 ന ഫുൾ ടൈം ഹിന്ദി അധ്യാപകനായി ശ്രീ. സുരേന്ദ്രനാഥ്. പി.വി. നിയമിതനായി. 11.03.2016-ലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം സ്കൂളിൽ ഡിവിഷൻ നഷ്ടപ്പെട്ടതിനാൽ 15.07-2014 ന്റെ തസ്തിക നിർണ്ണയത്തിൽ ഹിന്ദി പാർട്ട് ടൈം തസ്തികയായി മാറുകയും ചെയ്തെങ്കിലും ടി. സ്കൂളിൽ തന്നെ ശ്രീ. സുരേന്ദ്രനാഥ് പി.വി ഫുൾ

ടൈം ആയി പ്രവർത്തിക്കുകയും ഫുൾ ടൈം ബെനിഫിറ്റോട് കൂടി തുടർന്ന് വരികയും ചെയ്തു. സംരക്ഷിത അധ്യാപകനായ ശ്രീ. സുരേന്ദ്രനാഥിനെ വർക്ക് അറേഞ്ച്മെന്റിൽ മറ്റ് സ്കൂളിലേക്ക് മാറ്റാതിരിക്കുകയും ഇത സ്കൂളിൽ തന്നെ തുടരുകയും ചെയ്തു വരുന്നു. 01-01-2014, 01-01 2015, 01-01-2020 വരെയുള്ള വർഷങ്ങളിൽ സുരേന്ദ്രനാഥ് പി.വി യുടെ സീനിയോറിറ്റി ലിസ്റ്റ് വൃന്ദ പി.വി അംഗീകരിക്കകയും ആയത് പാപ്പിനിശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫിസർ അംഗീകരിച്ചതുമാണ്. 01-01-2021 വർഷം സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയപ്പോൾ ശ്രീമതി വൃന്ദ പി.വി പരാതി ഉന്നയിച്ചിട്ടുള്ളത്. ശ്രീ.പി.വി സുരേന്ദ്രനാഥിനെ 02 -01 -2003 ൽ നിയമിക്കുന്നത് ഫുൾ ടൈം ലോവർ ഗ്രേഡ് ഹിന്ദി തസ്തികയിലാണ്. ഫുൾ ടൈം തസ്തിക 2014-15 വർഷം പാർട്ട് ടൈം തസ്തികയിലേക്ക് മാറ്റപ്പെടുകയും ചെയ്തുവെങ്കിലും ടിയാൻ ഫുൾ ടൈം ബെനിഫിറ്റിന്റെ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി ഫുൾ ബെഞ്ചിന്റെ 2005/04KLT 64, 2014 (4) KLT 569 FB നമ്പർ വിധിയിൽ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ട രീതിയെ സംബന്ധിക്കുന്ന നടപടി ഇപ്രകാരമാണ്. ആദ്യ നിയമനം ഏത് കാറ്റഗറിയിലാണോ യോഗ്യതയുള്ളതാണോ അല്ലാത്തതോ, ലോവർ കാറ്റഗറിയിലാണോ എന്നൊന്നും നോക്കാതെ ആ തീയ്യതി അടിസ്ഥാനമാക്കി സീനിയോറിറ്റി ലിസ്റ്റ് നിർണ്ണയിക്കണം. ഫുൾ ടൈം ആയ അധ്യാപകൻ പാർട്ട് - ടൈം ആകുകയും വീണ്ടും ഫുൾ ടൈം ആയാൽ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തണോ എന്നു നിയമം പരിശോധിച്ച് ഈ കാര്യത്തിൽ തീർപ്പ് ഉണ്ടാക്കണമെന്നു അറിയിക്കുന്നു.

5) നേരിൽ കേട്ട വേളയിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തു.

അഴിക്കോട് നോർത്ത് യു.പി സ്കൂളിൽ ഹർജിക്കാരനായ ശ്രീ സുരേന്ദ്രനാഥ് പി.വി. യെ മാനേജർ 03/01/2003 മുതൽ ജൂനിയർ ലാംഗ്വേജ് ഫുൾ ടൈം ഹിന്ദി അധ്യാപകനായി നിയമിക്കുകയും ആയതു ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കുകയും ചെയ്തിരുന്നു. തുടർന്ന് 2014-15 വർഷത്തെ തസ്തിക നിർണയ ഉത്തരവ് പ്രകാരം ടി തസ്തിക പാർട്ട് ടൈം ആയി മാറി. വിദ്യാലയത്തിൽ 2022-23 വർഷം ഹിന്ദി ഭാഷ പഠിപ്പിക്കാൻ 15 പീരിയഡുകൾ ഇല്ലാത്തതിനാൽ ടി വർഷത്തെ തസ്തിക നിർണയ ഉത്തരവ് പ്രകാരം ജൂനിയർ ലാംഗ്വേജ് ഹിന്ദി പാർട്ട് ടൈം തസ്തിക ആയിരുന്നു അനുവദിച്ചിരുന്നത്. എന്നാൽ 2023-24 വർഷം ഏഴാം തരത്തിൽ ഒരു അധിക ക്ലാസ്സ് ഡിവിഷനും ഒരു അധിക യു.പി.എസ്.ടി. തസ്തികക്കും ഒരു പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ഹിന്ദി തസ്തികക്കും അർഹത ഉണ്ടായിരുന്നു. അപ്രകാരം ഏഴാം ക്ളാസിൽ ഒരു അധിക ക്ളാസ് ഡിവിഷനും ഒരു അധിക യു.പി.എസ്.ടി. തസ്തികയും അനുവദിക്കുന്നതിന് സർക്കാരിന് ശുപാർശ ചെയുകയും ആയതു പ്രകാരം ഏഴാം തരത്തിൽ ഒരു അധിക ക്ലാസ്സ് ഡിവിഷൻ അനുവദിക്കുന്നതിനെ തുടർന്ന് ആവിർഭവിക്കുന്ന ജൂനിയർ ലാംഗ്വേജ് ഹിന്ദി ഫുൾ ടൈം തസ്തിക, തസ്തിക നിർണയ ഉത്തരവ് പ്രാബല്യ തീയതിയായ 15/07/2023 മുതൽ അനുവദിച്ചു നൽകുകയും ചെയ്തു. 2022-23 പാർട്ട് ടൈം ആയി അനുവദിച്ച ജൂനിയർ ലാംഗ്വേജ് ഹിന്ദി അധ്യാപക തസ്തിക 2023-24 ൽ ഫുൾ ടൈം ആയി അനുവദിച്ചു. ഹർജിക്കാരനായ ശ്രീ. സുരേന്ദ്രനാഥ് പി.വി. യെ ക്രമ നം.3 ആയി ചേർത്ത് 01/01/2023 പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റ് അംഗീകാരത്തിനായി

മാനേജർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിക്കുകയും അധ്യാപകരുടെ ഒപ്പ രേഖപ്പെടുത്തി പരാതിയുണ്ടെങ്കിൽ പരാതി സഹിതം അന്തിമമായി അംഗീകരിക്കുന്നതിന് സമർപ്പിക്കാൻ നിർദേശം നൽകികൊണ്ട് സീനിയോറിറ്റി ലിസ്റ്റ് താത്കാലികമായി അംഗീകരിച്ച മാനേജർക്ക് അയച്ചു നൽകുകയും ചെയ്തു. ഇതേ വിദ്യാലയത്തിലെ യു.പി.എസ്.ടി. ആയ ശ്രീമതി വൃന്ദ പി.വി. യുടെ പരാതി സഹിതം സീനിയോറിറ്റി ലിസ്റ്റ് അന്തിമമായി അംഗീകരിക്കുന്നതിനായി മാനേജർ പുനഃസമർപ്പിച്ചു. ആയതിനെ തുടർന്ന് 10/05/2023 തീയതിയിൽ മാനേജർ, പ്രധാനാധ്യാപിക, ഹർജിക്കാരൻ, ശ്രീമതി വൃന്ദ പി.വി. എന്നിവരെ നേരിട്ട് കേൾക്കുന്നതിനായി ഹിയറിങ് നടത്തുകയും ചുവടെ ചേർത്ത വസ്തുതകൾ കണ്ടെത്തുകയുമുണ്ടായി. 01/01/2023-ലെ സീനിയോറിറ്റി ലിസ്റ്റ് സമർപ്പിച്ചതിൽ ശ്രീമതി രുക്മിണി സി. പ്രധാനാധ്യാപിക ക്രമ നം.1 ആയും, ഹർജിക്കാരനെ ക്രമ നം.3 ആയും ശ്രീമതി. വൃന്ദ പി.വി. യെ ക്രമ നം. 4 ആയും ആണ് ചേർത്തിട്ടുള്ളത്. കെ.ഇ.ആർ. അധ്യായം 14 A, ചട്ടം 34, 35, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 20/02/2024 തീയതിയിലെ സർക്കുലർ No. DGE/1961/2023-A -Part (1) എന്നിവ പ്രകാരം പാർട്ട് ടൈം ലാംഗ്വേജ് അധ്യാപകരെയും പ്രധാനാധ്യാപകരെയും സീനിയോറിറ്റി ലിസ്റ്റിൽ നിന്ന് ഒഴിവാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ പാർട്ട് ടൈം അധ്യാപകരായ ശ്രീമതി. തസ്നി പി. ടി., ഹർജിക്കാരനായ ശ്രീ. സുരേന്ദ്രനാഥ് പി. വി. എന്നിവരെയും പ്രധാനാധ്യാപികയെയും ഒഴിവാക്കിക്കൊണ്ട് സീനിയോറിറ്റി ലിസ്റ്റ് ഭേദഗതി വരുത്തുകയും മാനേജർ ശ്രീമതി. വൃന്ദ പി. വി. യെ ക്രമ നം. 2 ആയി ചേർത്ത് സീനിയോറിറ്റി ലിസ്റ്റ് പുന:സമർപ്പിക്കുകയും ആയത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അന്തിമമായി അംഗീകരിച്ചു നൽകുകയും ചെയ്തു. ക്രമ നം.2 ആയി ചേർത്തിട്ടുള്ള ശ്രീമതി സജില യു.എം., യു.പി.എസ്.ടി., 31/05/2023 ൽ വിരമിച്ചതിനാൽ ശ്രീമതി വൃന്ദ പി. വി. യെ പ്രധാനാധ്യാപികയായി 01/06/2023 മുതൽ നിയമിച്ച മാനേജരുടെ നടപടി ക്രമപ്രകാരമാണ്.

6) സർക്കാർ ഈ വിഷയം ഹിയറിംഗ് വേളയിൽ ഉന്നയിക്കപ്പെട്ട വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടേയും, കെ.ഇ.ആർ ചട്ടങ്ങളുടെയും നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 01/01/2023 തീയതിയിലെ സീനിയോറിറ്റി ലിസ്റ്റ് സമർപ്പിച്ചതിൽ ശ്രീമതി രുക്മിണി സി. പ്രധാനാധ്യാപിക ക്രമ നം. 1 ആയും, ഹർജിക്കാരനെ ക്രമ നം. 3 ആയും 6-ാം എതിർ കക്ഷിയായ ശ്രീമതി. വൃന്ദ പി.വി. യെ ക്രമ നം. 4 ആയും ആണ് ചേർത്തിട്ടുള്ളതെന്നും, കെ.ഇ.ആർ. അധ്യായം 14 A, ചട്ടം 34, 35 പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ എന്നിവ പ്രകാരം പാർട്ട് ടൈം ലാംഗ്വേജ് അധ്യാപകരെയും പ്രധാനാധ്യാപകരെയും സീനിയോറിറ്റി ലിസ്റ്റിൽ നിന്ന് ഒഴിവാക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും, ആയതിനാൽ പാർട്ട് ടൈം അധ്യാപകരായ ശ്രീമതി. തസ്നി പി.ടി., ഹർജിക്കാരനായ ശ്രീ. സുരേന്ദ്രനാഥ് പി.വി. എന്നിവരെയും പ്രധാനാധ്യാപികയെയും ഒഴിവാക്കിക്കൊണ്ട് സീനിയോറിറ്റി ലിസ്റ്റ് ഭേദഗതി വരുത്തുകയും മാനേജർ ശ്രീമതി. വൃന്ദ പി.വി. യെ ക്രമ നം. 2 ആയി ചേർത്ത് സീനിയോറിറ്റി ലിസ്റ്റ് പുന:സമർപ്പിക്കുകയും ആയത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അന്തിമമായി അംഗീകരിച്ചു നൽകുകയും ചെയ്തിട്ടുണ്ടെന്നും, ക്രമ നം. 1 ആയി ചേർത്തിട്ടുള്ള ശ്രീമതി സജില യു. എം., യു.പി.എസ്.ടി., 31/05/2023 ൽ വിരമിച്ചതിനാൽ ശ്രീമതി വൃന്ദ പി. വി. യെ പ്രധാനാധ്യാപികയായി 01/06/2023 മുതൽ നിയമിച്ച മാനേജരുടെ നടപടി

ക്രമപ്രകാരമാണെന്നുമാണ് വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. Ext. P12 വിധിന്യായം കൂടി പരിഗണിക്കണമെന്ന് ബഹു. കോടതി ഉത്തരവിട്ടിട്ടുണ്ട്. കെ.ഇ.ആർ. അധ്യായം XIV A ചട്ടം 37(1) പ്രകാരം തുടർച്ചയായ സർവ്വീസ് പരിഗണിച്ച് സർവ്വീസ് സീനിയോരിറ്റി കണക്കാക്കുന്നത് സംബന്ധിച്ച വിഷയമാണ് Ext P12- ലെ കേസിൽ ബഹു കോടതി പരിഗണിച്ചിരിക്കുന്നത്. ഹർജിക്കാരനായ ശ്രീ സുരേന്ദ്രനാഥ് പാർട്ട് ടൈം തസ്തികയിൽ ഫുൾ ടൈം ബെനഫിറ്റോടുകൂടി ജോലി ചെയ്യുന്ന അധ്യാപകനായതിനാൽ Ext.P12 വിധിന്യായം ഈ കേസിൽ ബാധകമാക്കാൻ കഴിയില്ല. റിട്ട് ഹർജി നം. 18494/2009 & 18042/2021 മേലുള്ള ബഹു ഹൈക്കോടതിയുടെ 20/01/2021 തീയതിയിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിന്റെ അടിസ്ഥാനത്തിലാണ് ഹർജിക്കാരനായ ശ്രീ. സുരേന്ദ്രനാഥ് പി.വി. യെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഒഴിവാക്കിയത്. ആയത് ക്രമപ്രകാരമാണെന്ന് കാണുന്നു.

7) മേൽ സാഹചര്യത്തിൽ റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ച് അപ്രകാരം ബഹു ഹൈക്കോടതിയുടെ പരാമർശം (1) വിധിന്യായം പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASWATHY K
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കണ്ണൂർ -670 002
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാപ്പിനിശ്ശേരി, കണ്ണൂർ-670 561
മാനേജർ, അഴീക്കോട് നോർത്ത് യു.പി. സ്കൂൾ, അഴീക്കൽ പി.ഒ, കണ്ണൂർ - 670009
ശ്രീമതി.വൃന്ദ പി.വി, യു.പി.എസ്.എ, അഴീക്കോട് നോർത്ത് യു.പി. സ്കൂൾ, അഴീക്കൽ പി.ഒ, കണ്ണൂർ - 670009
ശ്രീ.സുരേന്ദ്രനാഥ് പി.വി, ഫുൾടൈം ഹിന്ദി അദ്ധ്യാപകൻ, അഴീക്കോട് നോർത്ത് യു.പി. സ്കൂൾ, അഴീക്കൽ പി.ഒ, കണ്ണൂർ - 670009
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
സെക്ഷൻ ഓഫീസർ
Date: 23-08-2025 14:35:54